32 | 6604/18

Office of the Chief Engineer
17.3.18
LSGD, Thiruvananthapuram

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ടാറിംഗ് പ്രവൃത്തിക്ക് ബിറ്റുമിൻ വാങ്ങി നൽകുന്നതിനുള്ള പരിധി - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ)നം.677/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 13.03.2018

വായന :- 1. സ.ഉ.(സാധാ.)നം.3049/2016/ത.സ്വ.ഭ.വ. തിയതി 08.11.16

2. കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ 02.08.17 ലെ കത്ത്

<u>ഉത്തരവ്</u>

മുകളിൽ ഒന്നാമതായി വായിച്ച ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടാർ വാങ്ങി നൽകുന്നതിനുള്ള പ്രവൃത്തിയുടെ അടങ്കൽ തുക 30 ലക്ഷമായി നിജപ്പെടുത്തിയിരുന്നു. ടി ഉത്തരവ് എല്ലാ റോഡ് പ്രവൃത്തികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടാർ വാങ്ങിച്ചുകൊടുക്കേണ്ടതാണെന്ന നിലയിൽ ഭേദഗതി വരുത്തി നൽകണമെന്ന് മുകളിൽ രണ്ടാമതായി വായിച്ച കത്ത് പ്രകാരം കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താത്പര്യമുള്ള പക്ഷം അടങ്കൽ പരിധിയില്ലാതെ എല്ലാ റോഡ് പ്രവൃത്തികൾക്കും ടാർ വാങ്ങിച്ചുകൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) വായന(1)ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനില്ക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ